LIBRARY ARCHIVES Kerala Legislative Assembly

മണൽ വാരുന്നതിന് അനുമതി നൽകിയിട്ടുള്ള പത്തനംതിട്ടയിലെ പഞ്ചായത്തുകൾ

248 [2302] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് 2003-2004-ൽ മണൽ വാരുന്നതിന് അനുമതി നല്കിയിട്ടുള്ളതെന്നും അനുമതി നൽകിയ കടവുകളെ നദിയുടെ പേരു സഹിതം വിശദമാക്കാമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ഓരോ പഞ്ചായത്തിൽ നിന്നും കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കടവുകളുടെ സംരക്ഷണത്തിനായി ഇത്തവണ ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് അവർക്കനുവദിച്ചിരിക്കുന്ന തുക സഹിതം വ്യക്തമാക്കാമോ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കസ്റ്റോഡിയൻ ആരാണ്; ഇതിൽ എത്ര രൂപയാണ് നിലവിലുള്ളത്; ഇതിൽ നിന്നും കടവ് സംരക്ഷണത്തിനായി പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നതിന്റെ നടപടിക്രമം വിശദമാക്കാമോ;

(ഇ) റാന്നി നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പഞ്ചായത്തുകളാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നതെന്നും അവരുടെ പ്രോജക്ടുകൾ ഏതെല്ലാമാണെന്നും അതിനാവശ്യപ്പെട്ടിരുന്ന തുക എത്രയെന്നും വിശദമാക്കാമോ;

(എഫ്) ഈ പഞ്ചായത്തുകളുടെ പ്രൊപ്പോസൽ പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ജി) റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ വിവേചന മുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2003-2004 കാലഘട്ടത്തിൽ നിയമാനുസൃത നടപടികൾ പൂർത്തിയാക്കി സെന്റ്സ് റിപ്പോർട്ട് സഹിതം എഗ്രിമെന്റ് വച്ചിട്ടുള്ള പഞ്ചായത്തുകൾക്ക് ജില്ലാ കളക്ടറുടെ ആഫീസിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് അനുമതി നല്കിയിട്ടുണ്ട് അവയുടെ വിശദവിവരം അനുബന്ധത്തിൽ ചേർക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിൽ നിന്നും കിട്ടിയ തുക വിശദമായി അനുബന്ധത്തിൽ ചേർക്കുന്നു. †

(സി) കടവുകളുടെ സംരക്ഷണത്തിനായി ശുപാർശ ചെയ്ത് അയച്ച പദ്ധതികളിൽ താഴെപ്പറയുന്ന പഞ്ചായത്തുകൾക്ക് ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ട്.

1.	ആറൻമുള	..	12,62,000
2.	പൂരമറ്റം	..	12,45,000
3.	തോട്ടപ്പുഴശ്ശേരി	..	17,00,000
4.	മലയാലപ്പുഴ	..	5,45,000
5.	കവിയൂർ	..	2,84,000
6.	നാറാണംമൂഴി	..	3,72,000
7.	ഓമല്ലൂർ	..	12,20,000

(ഡി) ജില്ലാ കളക്ടർ ആണ് കസ്റ്റോഡിയൻ 3,66,87,664 രൂപയാണ് നിലവിലുള്ളത്. പഞ്ചായത്തുകൾ തയ്യാറാക്കി നല്കുന്ന നദീതീരസംരക്ഷണ പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് തരുന്ന പദ്ധതികൾ സർക്കാരിന്റെ ഭരണാനുമതി നേടിയശേഷമാണ് നടപ്പാക്കുന്നത്.

(ഇ) റാന്നി നിയോജക മണ്ഡലത്തിലെ പ്രപ്പോസലുകൾ സമർപ്പിച്ചിരുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധത്തിൽ ചേർക്കുന്നു. †

(എഫ്) ഈ പഞ്ചായത്തുകൾ ആവശ്യമായ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിരുന്നില്ല. അതുകൊണ്ട് ജില്ലാ വിദഗ്ദ്ധ സമിതി ആ പഞ്ചായത്തുകളുടെ പ്രപ്പോസൽ സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി ശുപാർശ ചെയ്തിരുന്നില്ല.

(ജി) അങ്ങനെ ഒരു പരാതി ആരും ഉന്നയിച്ചിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ ജനസംഖ്യ

249 [2303] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ജനസംഖ്യ എത്രയാണ്; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly